**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1376** **10-10-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട ഭാഷാ- ഗണിത ശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാർത്ഥികൾ ഭാഷാ- ഗണിത ശേഷികൾ ആർജ്ജിക്കേണ്ടതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; | (എ) | പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ ഭാഷാ ഗണിതശേഷികൾ ആർജ്ജിക്കുന്നതിന് നടത്തുന്ന വിവിധ പരിപാടികൾ ചുവടെ ചേർക്കുന്നു.<br><br>1. ശ്രദ്ധ<br>2. ഇംഗ്ലീഷ് ലാംഗ്വേജ് എൻറിച്ച്മെന്റ് പ്രോഗ്രാം<br>3. ഇ ക്യൂബ് ഇംഗ്ലീഷ്<br>4. NuMaTs<br>5. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി<br>6. മലയാളത്തിളക്കം<br>7. സംസ്കൃത മാധുരി<br>8. അഹ്ലൻ അറബിക്<br>9. പ്യാരി ഉറുദു<br>10. ഹലോ ഇംഗ്ലീഷ്<br>11. സുരീലി ഹിന്ദി<br>12. ഹെൽപിംഗ് ഹാന്റ്<br>13. സചിത്രപുസ്തകം<br>14. സംയുക്ത ഡയറി<br>15. സർഗാത്മക ഡയറി<br>16. മഞ്ചാടി<br>17. അളക്കാംപഠിക്കാം<br>18. ഗണിതകിറ്റ് |

| | | | |
|---|---|---|---|
| | | | 19. ഗണിതവിജയം<br>20. ഗണിതക്ലബ് പ്രവർത്തനങ്ങൾ<br>21. ഗണിതലാബ്<br>22. ഗണിതപാർക്ക് |
| (ബി) | എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**1. ശ്രദ്ധ**

2017-18 അധ്യയന വർഷത്തിൽ പഠനത്തിൽ മിടുക്കരും, എന്നാൽ സാഹചര്യം പ്രതികൂലമായതിനാൽ പഠിത്തത്തിൽ മികവ് കാണിക്കാൻ പറ്റാത്ത സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കാനായി അവർക്ക് ഒരു കൈത്താങ്ങ് നൽകുക എന്ന ഉദ്ദേശത്തോടെ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ശ്രദ്ധ. 8, 9 ക്ലാസുകളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ആഴ്ചയിൽ ഒരു ദിവസം പ്രത്യേക പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം

**2. ഇംഗ്ലീഷ് ലാംഗ്വേജ് എൻറിച്ച്മെന്റ് പ്രോഗ്രാം**

പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ മികച്ച പരിശീലനം നൽകുന്നതിനായി ഒരു ഉപജില്ലയിൽ നിന്നും ഒരു സ്കൂൾ എന്ന നിലയിൽ ആകെ 163 സ്കൂളുകൾ തെരെഞ്ഞെടുത്ത് ഇംഗ്ലീഷ് ലാംഗ്വേജ് എൻറിച്ച്മെന്റ് പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. യു.പി വിഭാഗത്തിലെ 5, 6 ക്ലാസുകളിലെ കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. പൊതുവിദ്യാലയത്തിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് പരിശീലനം ലഭിച്ച തെരെഞ്ഞെടുത്ത ട്രെയിനർമാരുടെ സഹായത്തോടെ ക്ലാസ് സമയത്തിന് പുറമേ അധിക പരിശീലനം നടത്തി കുട്ടികളുടെ ഭാഷാപ്രാവിണ്യം വർദ്ധിപ്പിക്കുകയാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

**3. ഇ ക്യൂബ് ഇംഗ്ലീഷ്**

എൽ.പി/യു.പി വിദ്യാർത്ഥികളുടെ ഇംഗ്ലീഷിലുള്ള പ്രാവിണ്യം മെച്ചപ്പെടുത്തുന്നതിനായി എസ്.എസ്.കെ.യുടെ നേതൃത്വത്തിൽ Hello English എന്ന പദ്ധതിയും കൈറ്റ് ന്റെ നേതൃത്വത്തിൽ E Cube English എന്ന പദ്ധതിയും നടപ്പിലാക്കുകയുണ്ടായി. അതോടൊപ്പം ഹൈസ്കൂൾ പഠിതാക്കളുടെ ഇംഗ്ലീഷ് ഭാഷാശേഷി മെച്ചപ്പെടുത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ Relish English എന്ന പദ്ധതി തെരെഞ്ഞെടുത്ത പത്ത് സ്കൂളുകളിൽ നടപ്പിലാക്കുകയുണ്ടായി. തുടർന്ന് ഒൻപതാം ക്ലാസ് കുട്ടികൾക്കായി SMART KID INTERACTIVE ENGLISH എന്ന പ്രോഗ്രാം ഒൻപതാം ക്ലാസ് പാഠപുസ്തകം അടിസ്ഥാനമാക്കി നടപ്പിൽ വരുത്തിയിരുന്നു.

**4. NuMaTs**

NuMats (Nurturing Mathematical Talents in Schools) എന്നത് എസ്.സി.ഇ.ആർ.ടി (State Council of Educational Research and Training) കേരളയുടെ പദ്ധതിയാണ്. ഗണിതശാസ്ത്ര വിഷയത്തിൽ പ്രതിഭാധനരായിട്ടുള്ള വിദ്യാർത്ഥികളിൽ സംഖ്യാബോധവും ഗണിതശാസ്ത്ര നൈപുണികളും കൂടുതൽ ആഴത്തിൽ വികസിപ്പിച്ചെടുക്കുവാൻ ലക്ഷ്യമിടുന്നു.

**5. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി**

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ഓരോ ക്ലാസ്സിലും ഓരോ ഘട്ടത്തിലും കുട്ടികൾ ആർജ്ജിക്കേണ്ട അടിസ്ഥാനശേഷികൾ ഉറപ്പുവരുത്തുന്നതിനായി 1 മുതൽ 10 വരെ ക്ലാസ്സുകളിൽ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നു.

**6. മലയാളത്തിളക്കം**

പ്രൈമറിതലത്തിലും സെക്കന്ററിതലത്തിലും അംഗീകാരം ലഭിച്ച മലയാളത്തിളക്കം പദ്ധതി കുട്ടികളുടെ ഭാഷാപരമായ പ്രശ്നങ്ങൾ ഒരളവ് വരെ പരിഹരിക്കാൻ കഴിഞ്ഞു. സാമൂഹിക അംഗീകാരം

ലഭിക്കുന്ന തരത്തിൽ ഭാഷയുടെ വ്യവഹാരരൂപങ്ങളിലൂടെ കുട്ടികളെ സർഗാത്മക വായനയിലും എഴുത്തിലും രചനയിലും പ്രാവിണ്യമുള്ളവരാക്കി മാറ്റുകയെന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**7. സംസ്കൃത മാധുരി**

സംസ്കൃതപഠനം സുഗമവും രസകരവും ആക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതി ഈ വർഷവും തുടരേണ്ടത് അനിവാര്യമാണ്.

**8. അഹ്ലൻ അറബിക്**

അറബിക് ഭാഷാ പഠനം കളികളിലൂടെയും ഡിജിറ്റൽ മെറ്റീരിയലുകളുടെ സഹായത്തോടെ രസകരമാക്കി മാറ്റി കുട്ടികൾക്ക് അറബി ഭാഷാപഠനം ആനന്ദകരമാക്കി മാറ്റാൻ ഈ പദ്ധതി ഏറെ സഹായകരമാവും.

**9. പ്യാരി ഉറുദു**

നിലവിൽ കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രൈമറിതലം മുതൽ സെക്കന്ററിതലം വരെ ഒന്നാം ഭാഷയായി ഉറുദു തെരഞ്ഞെടുക്കാൻ വ്യവസ്ഥയുണ്ട്. അപ്പർ പ്രൈമറി തലത്തിൽ 5 മുതൽ 7 വരെ വിദ്യാർത്ഥികൾക്കിടയിൽ ഉറുദു ഭാഷാ പഠനം ശക്തിപ്പെടുത്തുന്നതിനാണ് പ്യാരി ഉറുദു എന്ന മൊഡ്യൂൾ വികസിപ്പിച്ചിരിക്കുന്നത്.

**10. ഹലോ ഇംഗ്ലീഷ് ഹലോ വേൾഡ് – ഇംഗ്ലീഷ് പഠന പരിപോഷണ പരിപാടി**

പഠിതാക്കളുടെ ഇംഗ്ലീഷ് ഭാഷയിലെ ആശയ വിനിമയശേഷി വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്ത പരിപാടിയാണ് ഹലോ ഇംഗ്ലീഷ് ഹലോ വേൾഡ്. ഇംഗ്ലീഷ്- ഭാഷാ പഠനം രസകരവും ആസ്വാദ്യകരവുമാക്കുന്നതിന് വിദ്യാർത്ഥികളുടെ ആശയവിനിമയശേഷി ഉറപ്പാക്കാൻ ഡിജിറ്റൽ ആക്ടിവിറ്റി കാർഡുകൾ രൂപകല്പന ചെയ്തിട്ടുണ്ട്.

**11. സുരീലി ഹിന്ദി**

ഹിന്ദിപഠനം ആസ്വാദ്യകരവും ആകർഷകവുമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സുരീലി ഹിന്ദി. ഭാഷാപരമായ വ്യവഹാരങ്ങളുടെ സ്വാഭാവിക വികാസം പദ്ധതി വഴി ലക്ഷ്യമിടുന്നു.

**12. ഹെൽപിംഗ് ഹാന്റ്**

ഒന്നു മുതൽ 12 വരെ ക്ലാസുകളിൽ നടപ്പിലാക്കുന്ന പഠന പരിപോഷണ പരിപാടിയാണ് ഹെൽപിംഗ് ഹാന്റ്, ഈ പദ്ധതിയുടെ ഭാഗമായി ഭാഷാ, ഗണിതം, ശാസ്ത്രം, സാമൂഹിക ശാസ്ത്രം എന്നീ വിഷയങ്ങളിൽ എലമെന്ററി, സെക്കന്ററി വിഭാഗങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**13. സചിത്രപുസ്തകം (പിക്ചർ ഡയറി)**

ചിത്ര രചനയിൽ വരയ്ക്കുന്നതും കുട്ടികളുടെ താൽപര്യത്തെ കണക്കിലെടുത്തുകൊണ്ടു ചെറിയ ക്ലാസ്സുകളിൽ സചിത്ര പുസ്തകം നടപ്പിലാക്കുന്നു.

**14. സംയുക്ത ഡയറി**

1, 2 ക്ലാസിലെ കുട്ടികൾ രക്ഷിതാക്കളുടെയും അധ്യാപികയുടെയും മുതിർന്നവരുടെയും സഹായത്തോടെ ദിനംപ്രതി തയ്യാറാക്കുന്ന ഡയറിയാണ് സംയുക്ത ഡയറി. ഈ ഡയറിയിൽ കുട്ടികൾ പെൻസിൽ കൊണ്ടും മുതിർന്നവർ പേനകൊണ്ടുമാണ് എഴുതുന്നത്. അധ്യയന വർഷത്തിന്റെ തുടക്കത്തിൽ പെൻസിൽ കൊണ്ടുള്ള എഴുത്ത് (കുട്ടികളുടെ) കുറവും പേനകൊണ്ടുള്ള എഴുത്ത് കൂടുതലുമാണ്. ക്രമേണ പേനകൊണ്ടുള്ള എഴുത്ത് കുറഞ്ഞും പെൻസിൽ കൊണ്ടുള്ള എഴുത്ത് കൂടിവരുന്നതായും കാണാൻ കഴിയുന്നു.

**15. സർഗാത്മക ഡയറി**

മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

**16. മഞ്ചാടി**

സംസ്ഥാനത്ത് തിരഞ്ഞെടുത്ത 101 സ്കൂളുകളിലെ അഞ്ചാം ക്ലാസിൽ നടപ്പിലാക്കുന്ന ശിശുസൗഹൃദ ഗണിത ശാസ്ത്ര പരിപാടിയാണ് മഞ്ചാടി

**17. അളക്കാം പഠിക്കാം**

പ്രൈമറി വിഭാഗം കുട്ടികൾ പ്രത്യേകിച്ച് മൂന്ന്, നാല് ക്ലാസിലെ കുട്ടികളെ ഉദ്ദേശിച്ചുള്ള പ്രവർത്തനമാണിത്. മെട്രിക് അളവുകളുടെ അടിസ്ഥാന ധാരണ എല്ലാ കുട്ടികളും നേടുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**18. ഗണിതക്കിറ്റ് (Maths Kit)**

ഗണിതപഠനം രസകരവും ജീവിത ഗന്ധിയുമാക്കാൻ ഗണിതക്കിറ്റ് സഹായിക്കുന്നു.

**19. ഗണിതവിജയം**

3 മുതൽ 7 വരെ ക്ലാസുകളിൽ കുട്ടികൾക്ക് ഗണിത പഠനത്തിലെ അടിസ്ഥാന ശേഷികളും ധാരണകളും ഉറപ്പിക്കുന്നതിനും കുട്ടികൾക്ക് ഗണിതപഠനത്തോട് അഭിമുഖ്യം വളർത്തുന്നതിനും ആത്മവിശ്വാസം വർധിപ്പിക്കുന്നതിനുമായി നടപ്പിലാക്കിയ പരിപാടിയാണിത്

**20. ഗണിത ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ**

ശാസ്ത്ര–ഗണിത ശാസ്ത്ര വിഷയങ്ങളിൽ താല്പര്യമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് എല്ലാ വിദ്യാർഥികളെയും ശാസ്ത്ര–ഗണിത ശാസ്ത്ര അഭിരുചിയുള്ളവരാക്കി മാറ്റുകയാണ് ക്ലബുകളുടെ ലക്ഷ്യം

**21. ഗണിത ലാബ് (Mathematics Lab)**

ഗണിതത്തിന്റെ നേരനുഭവങ്ങളിലേയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്നതിനും ഗണിത പഠനം അർത്ഥവത്താക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണിത്

**22. ഗണിതപാർക്ക്**

പാഠപുസ്തകങ്ങൾക്കുപരി നിത്യജീവിതത്തിലും ഗണിതവുമായി കുട്ടികളെ ബന്ധിപ്പിക്കലാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

Sd/-

സെക്ഷൻ ഓഫീസർ